# സത്യസന്ധതയാണ് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്ന ആദ്യ കാര്യം.

സാക് പുന്നൻ

WFTW 20 ഒക്ടോബർ 2013

1 യോഹന്നാൻ 1:7ൽ വേദപുസ്തകം പറയുന്നു, നാം വെളിച്ചത്തിൽ നടക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോട് കൂട്ടായ്മ ഉണ്ടാവുകയില്ലെന്ന്. നാം വെളിച്ചത്തിൽ നടക്കുന്പോൾ തീർച്ചയായും നമുക്ക് യാതൊന്നും മറച്ചുവെക്കാൻ കഴിയുകയില്ല. കാരണം വെളിച്ചം എല്ലാം തുറന്നു കാണിക്കുന്നു. തന്റെ ജീവിതത്തിൽ എന്തെങ്കിലും മറച്ചുവെക്കണമെന്നുള്ള മനുഷ്യനാണ് ഇരുട്ടിൽ നടക്കുന്നത്.

നാം വെളിച്ചത്തിൽ നടന്നാൽ നമ്മുടെ ജീവിതം ഒരു തുറന്ന പുസ്തകമായിരിക്കും. അപ്പോൾ നമ്മുടെ സ്വകാര്യജീവിതവും കണക്കുപുസ്തകവുമൊക്കെ പരിശോധിക്കുന്നതിന് ആരെയും കാണിക്കുവാൻ സാധിക്കും.നമുക്ക് ഒളിക്കേണ്ടതായി ഒന്നുമില്ല.അതിന്റെ അർത്ഥം നാം തികഞ്ഞവരാണെന്നല്ല. സത്യസന്ധരാണെന്നു മാത്രമാണ് അതിന്റെ അർത്ഥം

ദൈവം നമ്മിൽ നിന്ന് ഒന്നാമതായി ആഗ്രഹിക്കുന്നത് സത്യസന്ധതയാണ്. തികഞ്ഞ സത്യസന്ധത. ആദ്യം സത്യസന്ധരാകുവാൻ നാം തയ്യാറാണെങ്കിൽ നമ്മുടെ പല പ്രശ്നങ്ങളും വളരെ വേഗം പരിഹരിക്കപ്പെടും. ദൈവത്തിന്റെയും മനുഷ്യരുടെയും മുന്പാകെ സത്യസന്ധരായിരിക്കുകയെന്ന ഈ അടിസ്ഥാന പ്രമാണം അനുസരിച്ച് ജീവിച്ചാൽ നമ്മുടെ ആത്മീയ ജീവിതത്തിന്റെ പുരോഗതി വളരെ വേഗത്തിലായിരിക്കും

എന്നാൽ ഇതൊരു പോരാട്ടമാണെന്ന് നിങ്ങൾ കാണും.നിങ്ങളിങ്ങനെ പറഞ്ഞേക്കാം ,'ഞാൻ വളരെ ഗൗരവത്തോടെ ഈ പ്രബോധനം ഏറ്റെടുക്കുവാൻ പോവുകയാണ് . ഇപ്പോൾ മുതൽ ഞാൻ സത്യസന്ധനാകുവാൻ പോവുകയാണ്.' എന്നാൽ ഒരാഴ്ച തികയുന്നതിനു മുൻപ് തന്നെ ദൈവത്തിൽ നിന്നുള്ള പ്രശംസയേക്കാൾ മനുഷ്യരുടെ പ്രശംസ ആഗ്രഹിച്ച് ഒരു അഭിനേതാവാകുവാൻ നിങ്ങൾ പരീക്ഷിക്കപ്പെടുന്നതായി നിങ്ങൾ അറിയും. അപ്പോൾ ഒരു പോരാട്ടം നടത്തി ജയിക്കണമെന്ന് നിങ്ങൾ നിശ്ചയിക്കണം.

ഇന്നുള്ള പല ക്രിസ്ത്യാനികളും വീണ്ടും ജനിച്ചിട്ട് ഇരുപതും, മുപ്പതും , നാല്പതും വർഷമായിട്ടും സത്യസന്ധതയെന്ന ഈ അടിസ്ഥാന പാഠം പഠിക്കാത്തതിനാൽ ആത്മീയ പുരോഗതി പ്രാപിക്കുന്നില്ല. ഇത് ദൈവത്തിനു വളരെ ദുഃഖമുളവാക്കുന്ന കാര്യമാണ്. കാപട്യം നമ്മുടെ ജീവിതത്തിലുണ്ടെങ്കിൽ നാം പുരോഗതി പ്രാപിക്കുകയില്ല. നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കുകയില്ല. നമുക്ക് രാത്രി മുഴുവനുമുള്ള പ്രാർത്ഥനായോഗങ്ങൾ നടത്താം. പക്ഷെ നമ്മുടെ സമയം പാഴാക്കുക മാത്രമായിരിക്കും ചെയ്യുക. കാപട്യത്തെ ആദ്യം ഒഴിവാക്കിയില്ലെങ്കിൽ നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കുകയില്ല.

നാം ദൈവത്തിന്റെ മുൻപിൽ എന്താണോ അതാണ് നമ്മുടെ ആത്മീയ മൂല്യമെന്ന് നാം തിരിച്ചറിയണം. നമ്മുടെ വചന പരിജ്ഞാനമോ നാം എത്രമാത്രം പ്രാർത്ഥിക്കുന്നു എന്നതോ എത്ര സഭായോഗങ്ങളിൽ പങ്കെടുക്കുന്നു എന്നതോ മൂപ്പന്മാരും സഭയിലെ മറ്റുള്ളവരും എന്തു കരുതുന്നു എന്നതോ ഒന്നുമല്ല നമ്മുടെ ആത്മീയ നിലവാരം നിശ്ചയിക്കുന്നത്. അതിനു പകരം നിങ്ങളോട് തന്നെ ചോദിക്കുക 'എന്റെ ജീവിതത്തിന്റെ എല്ലാ മേഖലയും കാണുന്ന ദൈവം എന്നെക്കുറിച്ച് എന്താണ് ചിന്തിക്കുന്നത് ?'. ഇതിനുള്ള ഉത്തരമാണ് നിങ്ങളുടെ ആത്മീയതയുടെ യഥാർത്ഥ അളവ്. ഇത് നാം ദിനം തോറും ഓർക്കേണ്ടതുണ്ട് . അല്ലെങ്കിൽ നാം വീണ്ടും അഭിനേതാക്കളായി തീരും.

നഥാനയേലിനെക്കുറിച്ച് യേശു പറഞ്ഞ വാക്കുകൾ ഞാൻ വളരെ ഇഷ്ടപ്പെടുന്നു, 'ഇതാ ഒരു യഥാർത്ഥ ഇസ്രായേല്യൻ , ഇയാളിൽ ഒരു കാപട്യവും ഇല്ല.( യോഹ 1:42). നിങ്ങളെയും എന്നെയും കുറിച്ച് യേശു ഇങ്ങനെ പറയുകയാണെങ്കിൽ അതായിരിക്കും മറ്റെന്തിനേക്കാളും വലിയ പ്രശംസ. നഥാനയേൽ തികഞ്ഞവനായിരുന്നില്ല. അവൻ കുറവുകളുള്ളവനായിരുന്നു. എന്നാൽ തന്റെ കുറവുകളെക്കുറിച്ച് അവൻ

സത്യസന്ധനായിരുന്നു. താൻ എന്തായിരിക്കുന്നുവോ അത് അല്ല എന്ന തരത്തിൽ അവൻ ഭാവിച്ചില്ല. അതാണ് അവനെ അനന്യാസിൽ നിന്നും സഫൈറയിൽ നിന്നും വ്യത്യസ്തനാക്കുന്നത്.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)